LIBRARY ARCHIVES Kerala Legislative Assembly

ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി

158 (3907) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് 1975-ലെ നിയമം അനുസരിച്ച് എത്ര കേസുകളിൽ എത്ര ഏക്കർ ഭൂമിയാണ് ആദിവാസികൾക്ക് തിരിച്ചുപിടിച്ച് നൽകേണ്ടിയിരുന്നത് ; ഇതിന്റെ ജില്ല തിരിച്ചുള്ള ഭൂമിയുടെയും കേസ്സുകളുടെയും എണ്ണം വ്യക്തമാക്കാമോ ;

(ബി) 1999-ലെ നിയമം പാസ്സാക്കിയതിനെത്തുടർന്ന് 1986 ജനുവരി 24-ന് മുമ്പ് അന്യാധീനപ്പെട്ട് 5 ഏക്കറിൽ കൂടുതലുള്ള ഭൂമി മാത്രം തിരിച്ചുപിടിച്ചാൽ മതിയെന്ന വ്യവസ്ഥ നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ 99-ലെ നിയമം അനുസരിച്ച് സംസ്ഥാനത്താകെ എത്ര കേസ്സുകളിൽ എത്ര ഏക്കർ ഭൂമി തിരിച്ചുപിടിച്ച് നൽകി ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(സി) 1999-ലെ നിയമം അനുസരിച്ച് 1986 വരെ 5 ഏക്കറിൽ താഴെ ഭൂമി നഷ്ടപ്പെട്ട എത്ര ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി പകരമായി നൽകി എന്ന കാര്യം വ്യക്തമാക്കാമോ : ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഡി) 1999-ലെ നിയമം അനുസരിച്ച് 1986-ന് ശേഷം ആദിവാസി ഭൂമി ആദിവാസിയല്ലാത്ത ഒരാളിന് കൈമാറ്റുന്നത് അസാധുവാണെന്ന വ്യവസ്ഥ നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ പല ജില്ലകളിലും ആദിവാസി ഭൂമി കയ്യേറിയിട്ടുള്ളതായി എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത് ; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ഇ) ആദിവാസി ഭൂമി നിയമവിരുദ്ധമായി രജിസ്ട്രേഷൻ നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിവരം ലഭ്യമാക്കാമോ ;

(എഫ്) സുപ്രീംകോടതി ഉത്തരവനുസരിച്ച് ആദിവാസികൾക്ക് എത്ര ഏക്കർ ഭൂമി വീതമാണ് വിതരണം ചെയ്യേണ്ടത് ; ഇതിൽ എത്ര ഏക്കർ വീതം ഏതെല്ലാം ജില്ലകളിൽ വിതരണം ചെയ്തു ?

ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

പമ്പാവാലിയിലെ കൈവശ കൃഷിക്കാർക്ക് ലഭിച്ച പട്ടയം

159 (3908) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്കിലെ പമ്പാവാലിയിൽ എത്ര കൈവശ കൃഷിക്കാർക്കാണ് ഇതേവരെ പട്ടയം നൽകിയിട്ടുള്ളത് ;